## പ്രധാനമന്ത്രി ആവാസ് യോജന: ആദ്യഘട്ട ധനസഹായ വിതരണം



2022 ഓടുകൂടി എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. പദ്ധതിയുടെ ആദ്യഘട്ട ധനസഹായ വിതരണം 11.05.2017 ന് വ്യാഴാഴ്ച്ച രാവിലെ 10.30 ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ വച്ച് ബഹു. മേയർ സൗമിനി ജെയിൻ ന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് ബഹു. എം.പി. പ്രൊഫ. കെ.വി. തോമസ് നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി ആദ്യഘട്ട എഗ്രിമെന്റ് ഒപ്പിട്ട 163 ഓളം ഗുണഭോക്താക്കൾക്കാണ് ധനസഹായം വിതരണം ചെയ്തത്. കൊച്ചി പോലുള്ള നഗരത്തിൽ ഭവന രഹിതരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. ഭവന രഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് എം.പി. യോഗത്തിൽ പ്രസ്താവിച്ചു. സമബന്ധിതമായി പ്രോജക്റ്റുകൾ പൂർത്തിയാക്കുവാൻ എല്ലാ വിഭാഗത്തിൽ പെട്ട ജനങ്ങളും ഉദ്യോഗസ്ഥരും രാഷ്ട്രീയ പ്രവർത്തകരും സഹകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

യോഗത്തിൽ ബഹു. ഡെപ്യൂട്ടി മേയർ ശ്രീ. ടി.ജെ. വിനോദ് സ്വാഗതം ആശംസിച്ചു. ശ്രീമതി. ഗ്രേസി ജോസഫ്, ചെയർപേഴ്സൺ, വികസന കാര്യ സ്ഥിരം സമിതി, ശ്രീ. എ.ബി സാബു, ചെയർമാൻ, ക്ഷേമ കാര്യ സ്ഥിരം സമിതി, അഡ്വ. മിനിമോൾ വി.കെ, ചെയർപേഴ്സൺ, ആരോഗ്യകാര്യ സ്ഥിരം സമിതി, ശ്രീ. പി.എം. ഹാരിസ്, ചെയർമാൻ, മരാമത്ത് കാര്യ സ്ഥിരം സമിതി, ശ്രീമതി. ഷൈനി മാത്യു, ചെയർപേഴ്സൺ, നഗരാസൂത്രണ കാര്യ സ്ഥിരം സമിതി, ശ്രീ. കെ.വി.പി കൃഷ്ണകുമാർ, ചെയർമാൻ, നികുതി അപ്പീൽ കാര്യ സ്ഥിരം സമിതി, ഡോ. പൂർണ്ണിമ നാരായണൻ, ചെയർപേഴ്സൺ, വിദ്യാഭ്യാസ കാര്യ സ്ഥിരം സമിതി, ശ്രീ. കെ.ജെ ആന്റണി, കൗൺസിലർ, ശ്രീമതി. എ.എസ്. അനൂജ, സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.